## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 812 08.03.2012 - ലെ മറുപടി

## ചാലക്കുടിയിൽ നിന്നും ആതിരപ്പിള്ളി - മലക്കപ്പാറ - വാൽപ്പാറ ബസ്സ് സർവ്വീസ്

ചോദ്യം | ഉത്തരം

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലക്കുടിയിൽ നിന്നും ആതിരപ്പിള്ളി വഴി മലക്കപ്പാറ, വാൽപ്പാറ ഭാഗത്തേക്ക് സർവ്വീസ് നടത്തിയിരുന്ന പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നിറുത്തി പോയ സാഹചര്യത്തിൽ ചാലക്കുടി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ നിന്നും ഈ റൂട്ടിലേക്ക് കുടുതൽ ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ചാലക്കുടിയിൽ നിന്നും വൈകുന്നേരം 5.00 മണിക്ക് പുറപ്പെട്ട് മലക്കപ്പാറ സ്റ്റേ ചെയ്ത് രാവിലെ 7.00 മണിക്ക് അവിടെനിന്നും തിരിച്ച് വരുന്ന രീതിയിൽ ഒരു സർവ്വീസ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. നടത്തി വരുന്നുണ്ട്. ചേരൻ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഒരു സർവ്വീസ് പൊള്ളാച്ചിയിൽ നിന്നും വാൽപ്പാറ - മലക്കപ്പാറ വഴി ചാലക്കുടിക്ക് വന്നുപോകുന്നുണ്ട്. പെർമിറ്റ് സംബന്ധമായ പ്രശ്നങ്ങളാൽ നിർത്തിവെച്ചിരുന്ന രണ്ട് പ്രൈവറ്റ് ബസ്സുകൾ, അത് പരിഹരിച്ച് സർവ്വീസ് പുനരാരംഭിച്ചതായാണ് അന്വേഷണത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ വാൽപ്പാറ ഭാഗത്തേക്ക് പുതിയ സർവ്വീസ് നടത്തുവാൻ കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ കഴിയുകയില്ല. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ സർവ്വീസ് നടത്തുന്നതിന് ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ലഭ്യമല്ലാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ആവശ്യമായ ബസ്സുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ചാലക്കുടി ഡിപ്പോയിൽ 53 ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളത്. ഇവയുടെ നടത്തിപ്പിനായി സ്പെയർ ബസ്സ് അടക്കം 58 ബസ്സുകളാണ് ആവശ്യമായിട്ടുള്ളത് എന്നാൽ ടി ഡിപ്പോയിൽ 60 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. അതിനാൽ സർവ്വീസ് നടത്തിപ്പിന് ആവശ്യമായ ബസ്സുകൾ ചാലക്കുടി ഡിപ്പോയിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ